"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി കോതമംഗലം നഗരസഭയിൽ ക്ലീൻ സിറ്റി മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. വിൽസൺ എം എക്സ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(EKM) 1272/2024 നമ്പർ കേസിലെ 21.10.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2322/2024/LSGD തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:-
1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024 തീയതിയിലെ LSGD/PD/6478/2024-DED1-Part(1) നമ്പർ ഉത്തരവ്.
2. ശ്രീ. വിൽസൺ എം.എക്സ് പൊതുസ്ഥലംമാറ്റഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിച്ച അപ്പീൽ അപേക്ഷ (അനക്ഷർ എ14).
3. ശ്രീ. വിൽസൺ എം എക്സ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(EKM) 1272/2024 നമ്പർ കേസിലെ 21.10.2024 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓൺലൈൻ പോർട്ടൽ മുഖേനയുള്ള റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി കോതമംഗലം നഗരസഭയിൽ ക്ലീൻ സിറ്റി മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. വിൽസൺ എം എക്സ്, പൊതുസ്ഥലംമാറ്റഓൺലൈൻ പോർട്ടൽ മുഖേന അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയത്തിൽ ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(EKM) 1272/2024 നമ്പർ കേസിലെ 21.10.2024 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ ഫയൽ ചെയ്ത അനക്ഷർ എ14 അപ്പീൽ പരിശോധിച്ച്, ഉത്തരവ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. വിൽസൺ എം എക്സ് സമർപ്പിച്ച ഓൺലൈൻ അപ്പീൽ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/08/2024 തിയതിയിലെ LSGD/PD/6478/2024-DED-Part (1) പ്രകാരം തന്നെ കോതമംഗലം നഗരസഭയിൽ നിന്നും തൃക്കാക്കര നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളതാണ് എന്നും മുൻപ് പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ തനിക്ക് തന്റെ ഒന്നാം ഓപ്ഷനായ കൊച്ചി നഗരസഭയിലേക്കാണ് സ്ഥലം മാറ്റം നൽകിയിരുന്നത് എന്നും താൻ പൊതു

സ്ഥലംമാറ്റത്തിന് പ്രത്യേക മുൻഗണന (Special Priority) യുള്ള മിശ്രവിവാഹിതർ വിഭാഗത്തിൽപ്പെട്ടയാളാണ് എന്നും അറിയിച്ചിട്ടുണ്ട്. ഇപ്പോൾ കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ള ശ്രീ .ജിജ്ജു പി വി എന്നയാളുടെ Total Service in the Present Office-273 Days ,Toal Instation Seniority Period -425 Days എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2023 വർഷത്തിലെ പൊതു സ്ഥലം മാറ്റ ഉത്തരവ് ഇറങ്ങിയത് 03/07/2023 തിയതിയാണ്. ഈ ഉത്തരവ് പ്രകാരമാണ് താൻ കോതമംഗലം നഗരസഭയിലും ശ്രീ .ജിജ്ജുപി വി നോർത്ത് പറവൂർ നഗരസഭയിലും ജോലിയിൽ പ്രവേശിച്ചത്. 03/07/2023 മുതൽ 31/03/2024 വരെയുള്ള ആകെ ദിവസങ്ങൾ 273 ആണ്. ഉത്തരവ് തിയതി തന്നെ നോർത്ത് പറവൂർ ജോലിയിൽ പ്രവേശിച്ചാൽ മാത്രമേ ടിയാന് Total Service in the Present Office-273 Days ലഭിക്കുകയുള്ളൂ. ഉത്തരവ് തിയതി മുതൽ കണക്കാക്കുകയാണെങ്കിൽ തനിക്കും Total Service in the Present Office -273 Days ലഭിക്കേണ്ടതാണ്. കൂടാതെ തങ്ങളുടെ രണ്ടു പേരുടെയും Total Instation Senoirity Period -425 Days ആണ് . ടിയാന്റെ അപേക്ഷയിലോ Incumbency Details ലോ തെറ്റായ വിവരമായിരിക്കാം നല്കിയിരിക്കുക. ഈ സാഹചര്യത്തിൽ പ്രത്യേക മുൻഗണന വിഭാഗത്തിൽപ്പെട്ട തനിക്ക് കൊച്ചിയിലേക്ക് സ്ഥലം മാറ്റം ലഭിക്കേണ്ടതാണ് ടി വസ്തുതകൾ പരിഗണിച്ച് അനുകൂലമായ ഉത്തരവുണ്ടാകണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, 2024 ലെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച കരട് ട്രാൻസ്ഫർ പട്ടികയിൽ ജീവനക്കാർ സമർപ്പിച്ച ആക്ഷേപങ്ങൾ പരിഹരിച്ചാണ് അന്തിമ ട്രാൻസ്ഫർ പട്ടിക തയ്യാറാക്കി സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത് എന്നും, 16.03.2024 തീയതിയിലെ സ.ഉ.(കൈ)46/2024/LSGD നമ്പർ ഉത്തരവിലെ ഖണ്ഡിക 4(ബി) -യിൽ സ്ഥലംമാറ്റത്തിന്റെ ആവശ്യത്തിലേക്കായി, ഉത്തരവ് തീയതി അടിസ്ഥാനമാക്കിയുള്ള അർഹമായ പ്രവേശന കാലാവധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഉത്തരവ് തീയതി മുതലുള്ള സ്റ്റേഷൻ സീനിയോരിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോരിറ്റി ലഭിക്കുന്നതാണെന്നും ഈ ആവശ്യത്തിലേക്കായി പ്രവേശനകാലം എന്നത് ഉത്തരവ് തീയതി മുതൽ 15 ദിവസം ആയിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്രകാരം ശ്രീ .ജിജ്ജു പി വി യ്ക്ക് 273 ദിവസത്തെ സ്റ്റേഷൻ സീനിയോരിറ്റിയും ശ്രീ വിൽസൺ എം.എക്സിന് 256 ദിവസത്തെ സ്റ്റേഷൻ സീനിയോരിറ്റിയുമാണ് ഉള്ളത്. ആയതിനാലാണ് ശ്രീ.ജിജ്ജു പി.വി. യെ നോർത്ത് പറവൂർ നഗരസഭയിൽ നിന്നും കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത്. ശ്രീ.വിൽസൺ.എം.എക്സ്-ന് തൃക്കാക്കര നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതാണ്. ആയതിനാൽ ശ്രീ വിൽസൺ എം എക്സ് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. മേൽവസ്തുതകൾ അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ പൊതുവായ സാഹചര്യവും വ്യവസ്ഥകളും അടിസ്ഥാനമാക്കി വിശദമായി പരിശോധിച്ചതിൽ കോതമംഗലം നഗരസഭയിൽ ക്ലീൻ സിറ്റി മാനേജർ തസ്തികയിൽ ജോലി അനുഷ്ഠിച്ചു വരുന്ന ശ്രീ. വിൽസൺ എം എക്സ്-ന്റെ കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കണമെന്ന അപേക്ഷ പരിഗണനാർഹമല്ലായെന്ന് കാണുന്നു. ആയതിനാൽ ടിയാന്റെ അനക്ഷർ എ14 അപ്പീൽ അപേക്ഷ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(EKM)1272/2024 നമ്പർ കേസിലെ 21.10.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

ശ്രീ. വിൽസൺ എം എക്സ്, ക്ലീൻ സിറ്റി മാനേജർ, കോതമംഗലം  നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 29-11-2024 13:09:32

സെക്ഷൻ ഓഫീസർ